മലങ്കര സഭയുടെ സ്വയംശീർഷകത്വത്തിന്റെയും സ്വാതന്ത്ര്യത്തിന്റെയും ചരിത്രത്തിന് പിന്നിൽ വിശ്വാസാസികളുടെ ധീരോദാത്തമായ പോരാട്ടങ്ങളുടെയും സഹനത്തിന്റെയും ഒരിക്കലും വിസ്മരിക്കാനാവാത്ത ചരിത്രമുണ്ട്. കൊണ്ടും കൊടുത്തും വളർന്നു വന്ന നസ്രാണി സമൂഹത്തെ വിശ്വാസവിധേയത്വം എന്ന മലർപ്പൊടികാണിച്ച്; അടിമത്വത്തിന്റെ കൂച്ച് വിലങ്ങിട്ട് തളയ്ക്കാൻ ശ്രമിച്ച റോമാപ്പടയോടും സിറിയാപ്പടയോടും ക്രിസ്തുവിൽ ജനിപ്പിച്ച മാർത്തോമ്മായുടെ മാർഗ്ഗവും വഴിപാടും മാത്രം ആശ്രയമാക്കി പോരാടി തന്നെ നേടിയെടുത്ത മലയാങ്കരയുടെ നസ്രാണി വീരചരിതം ഇന്നും കാലികപ്രസക്തമാണ്. ലബനോൻ താഴ്വാരങ്ങളിൽ നിന്ന് രാത്രികാലങ്ങളിൽ ലഭിക്കുന്ന സ്ഥാനമാനമേനികൾകൊണ്ട് ഈ ചരിതം തിരുത്തിക്കുറിക്കുവാൻ സാദ്ധ്യമല്ല എന്നത് സുവ്യക്തമാണ്. ആനുകാലികമായി നടക്കുന്ന വാഴ്ത്തുപാട്ടുകളും സ്ഥാനലബ്ധികളും മർക്കടഗർദ്ദഭന്യായം കണക്കുമാത്രമാണെന്നത് ഏറെ വൈകാതെ തന്നെ സമൂഹം തിരിച്ചറിയും. കാരണം; മാർത്തോമ്മായുടെ മലങ്കരയിലെ മാർഗ്ഗത്തിന് ബലിയായ സത്യവിശ്വാസികളുടെ രക്തം ഈ സഭയ്ക്കുവേണ്ടി നിൽക്കുന്നുണ്ട്.



കടമറ്റം ഓനൻകുഞ്ഞ് സഹദാമരണത്തിന്റെ അൻപതാണ്ട്

സഖറിയാ പെരുമ്പടവം

1970-കൾ മലങ്കരസഭാചരിത്രത്തിലെ വിഘടനസ്വഭാവത്തിന്റെ രണ്ടാം മൂർത്തീഭാവത്തിന്റെ സുപ്രധാനകാലഘട്ടമാണ്. 1975 ഫെബ്രുവരി 16-ന് നിരണം പള്ളിയിൽ വച്ച് 5 മേൽപ്പട്ടക്കാരെ വാഴിക്കുകയും അതേവർഷം ഓഗസ്റ്റ്-സെപ്റ്റംബർ മാസങ്ങളിൽ പ.ഔഗേൻ പ്രഥമൻ ബാവാ മലങ്കര മെത്രാപ്പോലീത്താ-കാതോലിക്കാ സ്ഥാനങ്ങൾ ത്യജിക്കുകയും പ. മാത്യൂസ് പ്രഥമൻ ബാവാ കാതോലിക്കാ സ്ഥാനത്തേക്ക് അവരോധിതനാവുകയും, ഡിസംബർ 08-ന് പ.ഔഗേൻ പ്രഥമൻ ബാവാ കാലം ചെയ്യുകയും, ചെയ്തു. ഒരു പുതിയ നേതൃനിര മലങ്കര സഭയിൽ ഉടലെടുത്തത് വിഘടിതവിഭാഗത്തിന് കനത്ത് ആഘാതമാണ് സൃഷ്ടിച്ചത്. അക്കാലത്ത് തന്നെ പെരുമ്പിള്ളി ഫാ. ഗീവർഗീസിന്റെയും, ചെറുവള്ളി ഫാ. തോമസിന്റെയും അനധികൃതമായ മെത്രാൻ സ്ഥാനലബ്ധിയും സഭയുടെ വടക്കൻ മേഖലയിൽ ആഴമായ കോളിളക്കത്തിനും കക്ഷിമാത്സര്യത്തിനും വഴിയൊരുക്കിയിരുന്നു. ആളുകളെ ഒപ്പംനിർത്താൻ നടത്തിയ ഏതു ഏതുതരം നാട്യത്തിനും പ്രഗത്ഭരായ ഇവരുടെ കൗശലത്തിൽ അനേകർ വഴിപ്പെട്ടു എന്നതും ഒരു സത്യമാണ്. നിലനിൽപ്പിനുവേണ്ടിയുള്ള പ്രസ്തുത വ്യക്തികളുടെ രാപകലില്ലാത്ത അധ്വാനം വല്ലാത്ത കക്ഷിവൈരവും പള്ളികളിൽ രൂക്ഷമായ പ്രശ്നങ്ങൾക്കും വഴിയൊരുക്കി.

ഈ അവസരത്തിലാണ് നവാഭിഷിക്തരായ പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ കാതോലിക്കാ ബാവയ്ക്കും അഭിനവ മെത്രാപ്പോലീത്താമാർക്കും അന്നുവരെ കേരളം കണ്ടതിൽ വച്ച് ഏറ്റവും രാജോചിതമായ സ്വീകരണം 1976 ഫെബ്രുവരി 15-ന് എറണാകുളം പട്ടണത്തിൽ വച്ച് നൽകിയത്. ഈ സ്വീകരണത്തിന്റെ റിപ്പോർട്ട് ആ മാസത്തെ മലങ്കരസഭാ മാസികയിൽ വന്ന വാർത്ത ഇപ്രകാരമാണ്; മലങ്കരസഭയുടെ ശക്തിപ്രകടനം: പ. ബാവാ തിരുമേനിക്ക് എറണാകുളത്തു അത്യജ്ജ്വല സ്വീകരണം:"പരിശുദ്ധ മാർ തോമ്മാശ്ശീഹായുടെ പിൻഗാമിയും കിഴക്കിന്റെ കാതോലിക്കോസും മലങ്കര ഓർത്തഡോക്സ് സഭയുടെ പരമാദ്ധ്യക്ഷനും മലങ്കര മെത്രാപ്പോലീത്തായുമായി പരിശുദ്ധ തോമാശ്ലീഹായുടെ സിംഹാസനത്തിൽ ആരൂഢനായിരിക്കുന്ന മോറാൻ മാർ ബസ്സേലിയോസ് മാർ തോമാ മത്യൂസ് പ്രഥമൻ തിരുമേനിക്കും മലങ്കരസഭയിലെ അഭിനവ മെത്രാപ്പോലീത്തന്മാർക്കും എറണാകുളം പട്ടണം ദർശിച്ചിട്ടുള്ളതിൽവച്ച് ഏറ്റവും ഹൃദ്യവും അത്യന്തം ആവേശകരവുമായ ഒരു സ്വീകരണമാണ് 1976 ഫെബ്രുവരി 15-ാം തീയ്യതി ഞായറാഴ്ച സായാഹ്നത്തിൽ നല്കപ്പെട്ടത്" എന്നും സഭാപിതാക്കന്മാർക്ക് സ്വാഗതമാശംസിക്കുന്ന ആർപ്പുകളാലും ബാനറുകളാലും അലങ്കാരമുഖരിതമായ ഒരു ദേശീയഉത്സവപ്രതീതി ജനിപ്പിച്ച കൊച്ചിനഗരം അതിരാവിലെതിതന്നെ ജനസമുദ്രമായി മാറിക്കഴിഞ്ഞിരുന്നു. ...കോട്ടയം എം.ഡി. സെമ്മിനാരിയിൽ നിന്നു നൂറു കണക്കിനു കാറുകളുടെ അകമ്പടിയോടുകൂടി പ. ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ കാതോലിക്കാബാവായയും അഭിനവ മെത്രാന്മാരായ പൗലുസ് മാർ ഗ്രീഗോറിയോസ്, ഗീവർഗീസ് മാർ ഒസ്താത്തിയോസ്, സ്തേഫാനോസ് മാർ തേവോദോസിയോസ്, ജോസഫ് മാർ പക്കോമിയോസ്. എന്നിവരെയും ഘോഷയാത്രയായി എറണാകുളത്തേക്ക് എതിരേറ്റത്... ഏറ്റുമാനൂർ, കൂത്താട്ടുകുളം, മൂവാറ്റുപുഴ, കോലഞ്ചേരി, തൃപ്പൂണിത്തുറ വഴിക്കാണു ഘോഷയാത്ര 3.30 നു നഗരാതിർത്തിയായ എറണാകുളത്തെത്തിയത്.

അക്കാലത്തെ കേരളത്തിലെ ഭരണകോൺഗ്രസിന്റെ

മുഖപത്രമായിരുന്ന വീക്ഷണം, മലയാള മനോരമ ദിനപത്രം എന്നിവരുടെ റിപ്പോർട്ടുകൾ ഇതിനെ സാക്ഷിക്കുന്നു. "മലങ്കരയുടെ വിവിധ ഭാഗങ്ങളിൽനിന്ന് ആയിരക്കണക്കിനു വാഹനങ്ങളിലായി എത്തിയ സഭാമക്കൾ സഭയുടെ ഇന്നത്തെ ബലമായ നേതൃത്വത്തിലും സത്യവിശ്വാസങ്ങളിലും തങ്ങളുടെ പിൻതുണ അരക്കിട്ടുറപ്പിച്ചു" – വീക്ഷണം

"ഇന്നലെ നടന്ന ഈ സ്വീകരണഘോഷയാത്ര എറണാകുളം പട്ടണത്തിൽ ആദ്ധ്യാത്മികചൈതന്യത്തിന്റെ പ്രകാശം പരത്തി എന്നും ഈ പുരാതന നഗരം അടുത്തകാലത്തു കണ്ടിട്ടുള്ളതിൽവച്ചേറ്റം വലിയ ആദ്ധ്യാത്മികറാലി പൂർണ്ണമായും വടക്കൻ ഭദ്രാസനങ്ങളുടെ ആഭിമുഖ്യത്തിലാണ് നടന്നത്. അറബിക്കടലിൽ ആർത്തിരമ്പിക്കൊണ്ടിരുന്ന അലമാലകൾക്കു സമാനമായി ഏറണാകുളത്തെ എല്ലാ റോഡുകളിലും പ്രവാഹം പോലെ ജനലക്ഷങ്ങൾ ഇരമ്പിക്കയറിക്കൊണ്ടിരുന്നു. ഇത്രയേറെ മോട്ടോർ വാഹനങ്ങൾ പങ്കെടുത്ത ഒരു സ്വീകരണഘോഷയാത്ര ഇതിനുമുമ്പ് എറണാകുളം ദർശിച്ചിട്ടില്ല" – മലയാള മനോരമ

വടക്കൻ ഭദ്രാസനങ്ങളുടെ ആഭിമുഖ്യത്തിൽ നടത്തിയ ഈ സ്വീകരണം അന്നത്തെ ഭരണസംവിധാനത്തെപ്പോലും പിടിച്ചുലയ്ക്കത്തക്ക ബ്രഹത്തായിരുന്നു. അത് ഇന്ന് ഏതെങ്കിലും പുതിയ കുരിശുകളിൽ പെയ്ഡ് പബ്ലിസിറ്റിയിൽ നടത്തപ്പെടുന്ന വാഴ്ച്ചപുകഴ്ച്ചകൾ പോലെയായിരുന്നില്ല. ഈ സമ്മേളനം വിഘടിതവിഭാഗത്തിന് വല്ലാത്ത ക്ഷതമാണ് അന്നുണ്ടാക്കിയത്. തന്മൂലമുണ്ടായ വൈരമാണ് പിന്നീട് നടന്ന നിഷ്ഠൂരമായ കൊലപാതകത്തിലേക്ക് വഴിതെളിച്ചത്. മഹാസമ്മേളനത്തിൽ പങ്കെടുക്കുവാൻ കടമറ്റം ഇടവകയിൽനിന്ന് വലിയ മൂന്ന് ലോറികളിലാണ് അന്ന് വിശ്വാസികൾ എറണാകുളത്തിന് പുറപ്പെട്ടത്. വാഹനം പുത്തൻകുരിശ് കഴിഞ്ഞ് വരിക്കോലി പള്ളിയുടെ പരിസരത്തായി എത്തിയപ്പോൾ വിഘടിതവിഭാഗം ഗുണ്ടകൾ വാഹനത്തിന് കരിങ്കൊടികാണിക്കുകയും പുലഭ്യം പറയുകയും വധഭീഷണി മുഴക്കുകയും ചെയ്തു. തുടർന്ന് വണ്ടി തടയാൻ ശ്രമിച്ചെങ്കിലും അത് വിഫലമായി, കടമറ്റംകാർ സമ്മേളനത്തിൽ സാഘോഷം പങ്കെടുക്കുകയും ചെയ്തു.

സമ്മേളനാനന്തരം വിഘടിതവിഭാഗത്തിന്റെ വധഭീഷണിയുണ്ടായിരുന്നതിനാൽ മൂന്ന് ലോറികളിൽ രണ്ട് ലോറികൾ മാമലയിൽ നിന്ന് തിരിഞ്ഞ് തിരുവാണിയൂർ ചുറ്റിയും പട്ടിമറ്റം വഴിയും തിരിച്ചു പോന്നു. ഒരു വണ്ടി തിരിയാതെ നേരം ഏറെ വൈകയതിനാൽ പ്രശ്നങ്ങൾ ഉണ്ടാകില്ല എന്ന പ്രതീക്ഷയിൽ പോയവഴിയെ തന്നെ തിരിച്ചു പോന്നു. ആ വണ്ടിയിലായിരുന്നു കടമറ്റം ഇടവകയിൽപെട്ട കരവട്ടെ മംഗലത്ത് വീട്ടിൽ കുര്യാക്കോ യോഹന്നാൻ എന്ന് പേരായ ഓനൻകുഞ്ഞ് യാത്ര ചെയ്തിരുന്നത്. എറണാകുളം ജില്ലയിൽ മൂവാറ്റുപുഴ താലൂക്കിൽ രാമമംഗലം പഞ്ചായത്ത് കരവട്ടെ മംഗലത്ത് വീട്ടിൽ കുര്യാക്കോ, അന്നമ്മ ദമ്പതികളുടെ ഏഴുമക്കളിൽ ഏറ്റവും ഇളയവൻ ആയി 1951 ഓഗസ്റ്റ് മാസം 11– ന് ജനിച്ച ഓനൻകുഞ്ഞ് ഊരമന ഗവൺമെന്റ് ഹൈസ്കൂളിൽ ഏഴാം ക്ലാസ് വരെ പഠിച്ചു കുടുംബ കാര്യങ്ങൾ നോക്കി നടത്തുകയും ആത്മീയ കാര്യങ്ങളിൽ വ്യാപൃതനുമായിരുന്നു. അവിവാഹിതനായിരുന്ന അദ്ദേഹം സഭാകാര്യങ്ങളിൽ ഏറെ തല്പ്പരനായിരുന്നു. മഹാസമ്മേളനത്തിൽ പിതാക്കന്മാർക്ക് മംഗളങ്ങൾ ആർത്ത് വിളിച്ചു ഏറെ താലപര്യത്തോടും ഉത്സാഹത്തോടും കൂടിയാണ് അന്ന് ആ ചെറുപ്പക്കാരൻ പങ്കെടുത്തത്.

വലിയ ലോറിയിൽ കഴക്കാലുകൾ വച്ച് കട്ടി ഒരു പന്തൽപോലെ ക്രമീകരിച്ചാണ് അന്ന് അവർ യാത്ര ചെയ്തത്, വശങ്ങൾ തുറന്നിരുന്നു. ക്ഷീണിതനായിരുന്ന ഓനൻകുഞ്ഞ് ലോറിയുടെ ഏറ്റവും പിൻഭാഗത്തെ കാലിൽ പിടിച്ച് അല്പം മയക്കത്തിലായിരുന്നു മടക്കയാത്ര. ലോറി മാമല, ശാസ്താംമുഗൾ ഇറക്കത്തിലൂടെ പോരുന്ന വഴിയിൽ വച്ച് പൊടുന്നനെ ഇഷ്ടികകളും പാറകഷണങ്ങളും ശരവേഗത്തിൽ ലോറിയിലേക്ക് പതിച്ചു. പിറകിൽ ചാരിനിന്നിരുന്ന ഓനൻകുഞ്ഞിന്റെ തലയിലേക്ക് ഒരു ഇഷ്ടിക പതിക്കുകയും പൊടുന്നനെ റോഡിലേക്ക് അദ്ദേഹം മറിഞ്ഞുവീഴുകയും ചെയ്തു. കല്ലേറിന്റെ ആഘാതത്തിലും വീഴ്ച്ചയിലും തൽക്ഷണം അദ്ദേഹം മരണപ്പെട്ടു. ലോറി അല്പം മുന്നോട്ട് പോയിരുന്നു. മറ്റു സഹയാത്രികർ ഓടി വന്നപ്പോൾ റോഡരികിലെ ഒരു വീടിന്റെ തിണ്ണയിൽ കിടത്തിയിരിക്കുന്ന കാഴ്ച്ചയാണ് അവർ കാണുന്നത്. വിഘടിതവിഭാഗം അപ്പോഴെക്കും ഓടി മറഞ്ഞിരുന്നു. ആദ്യം കോലഞ്ചേരി ആശുപത്രിയിലും പിന്നീട് എറണാകുളം മെഡിക്കൽ കോളേജിലേക്കും കൊണ്ടു പോയി, അവിടെ വച്ചാണ് മരണം സ്ഥിരീകരിക്കുന്നത്. ഈ സംഭവത്തിന് ദൃക്സാക്ഷിയും അന്ന് ഓനൻകുഞ്ഞിനോടൊപ്പം സഹയാത്രികനും പിന്നീട് ഈ സംഭവവുമായി ബന്ധപ്പെട്ട കേസിൽ സാക്ഷിയുമായ ശ്രീ. ജോർജ്ജ് പൂന്തയിൽ ഏറെ വികാരനിർഭരനായാണ് ഈ സംഭവം ലേഖകനോട് വിവിരിച്ചത്. 1976 ഫെബ്രുവരി 15–ന് രാത്രിനേരമാണ് പരിശുദ്ധ സഭയ്ക്ക് വേണ്ടി കേവലം 25 വയസ്സ് മാത്രം പ്രായമുള്ള ഓനൻകുഞ്ഞ് സഹദാമരണം പ്രാപിക്കുന്നത്.

അദ്ദേഹത്തിന്റെ മൃതസംസ്ക്കാരം പരിശുദ്ധസഭയുടെ പൂർണ്ണ ആദരവുകളോടുകൂടി, പ. ബാവാ തിരുമേനിക്ക് വേണ്ടി ഗീവർഗീസ് മാർ ഒസ്താത്തിയോസ്, ജോസഫ് മാർ പക്കോമിയോസ് എന്നീ മെത്രാപ്പോലീത്തമാരുടെയും അനേകം വൈദികരുടെയും വലിയ ജനസാഗരത്തിന്റെയും സാന്നിദ്ധ്യത്തിൽ കടമറ്റം സെന്റ് ജോർജ്ജ് ഓർത്തഡോക്സ് സുറിയാനി പള്ളിയുടെ സെമിത്തേരിയിൽ കബറടക്കി. പ. ബാവാ തിരുമനസ്സുകൊണ്ട് കൂടുംബത്തിന് അക്കാലത്തെ വലിയൊരു തുക നൽകി സഹായിക്കുകയും ചെയ്തു. കൂടാതെ അനേകർ ആ കുടുംബത്തിന് സാഹായഹസ്തം നീട്ടി. കടമറ്റം പള്ളിത്താഴത്ത് ഈ കൊടുംക്രൂരതയ്ക്കും പാത്രിയർക്കീസ് വിഭാഗത്തിന്റെ അധാർമ്മിക പ്രവർത്തനങ്ങൾക്കും എതിരെ പ്രതിഷേധ സമ്മേളനവും സംഘടിപ്പിച്ചു. 1976 മാർച്ച് 09 ന് സമ്മേളിച്ച മലങ്കര ഓർത്തഡോക്സ് സഭാ മാനേജിംഗ് കമ്മറ്റിയിൽ ഫാ. ജോസഫ് വെണ്ടപ്പിള്ളി കടമറ്റം ഓനൻകുഞ്ഞ് അനുശോചനപ്രമേയം അവതരിപ്പിച്ച് കമ്മറ്റി അത് പാസ്സാക്കി.

1976 മാർച്ച് ലക്കം മലങ്കരസഭാ മാസികയിൽ ഓനൻകുഞ്ഞിന്റെ മരണം സംബന്ധിയായി വന്ന വാർത്ത; കല്ലേറും തൽഫലമായ മരണവും: ബഹു. മുഖ്യമന്ത്രിയുടെ പ്രസ്താവനയിൽ 'ഏതാനം ദിവസം മുമ്പ് എറണാകുളത്തു

നടന്ന പ്രകടനം കഴിഞ്ഞു തിരിച്ചു പോയവർ സഞ്ചരിച്ച ലോറിക്കു നേരേ കല്ലേറുണ്ടായതിന്റെ ഫലമായി ഒരാൾ മരണമടഞ്ഞു' എന്ന പറഞ്ഞിട്ടുണ്ടല്ലോ. മാർച്ച് 9-ാം തീയതി പ്രസിദ്ധം ചെയ്ത ഈ പ്രസ്താവനയിൽ 'ഏതാനും ദിവസം മുമ്പ് നടന്നതായി പറയുന്ന സംഭവം' അതിന് ഏതാനും ദിവസങ്ങൾക്ക് മുമ്പ് ഫെബ്രുവരി 29-ാം തീയതി പാത്രിയർക്കീസ് വിഭാഗം എറണാകുളത്തുവച്ച് നടത്തിയ പ്രകടനത്തിനു ശേഷം തിരിച്ചു പോകുമ്പോൾ ഉണ്ടായ മരണമായി വായനക്കാർക്ക് തോന്നാവുന്നതാണ്. വസ്തുത നേരെ മറിച്ചായതുകൊണ്ട് യാഥാർഥ്യം വായനക്കാർക്ക് ഗ്രഹിക്കുവാൻ ഈ കുറിപ്പ് ഇവിടെ ചേർക്കുന്നു. ഫെബ്രുവരി 15-ാം തീയതിയിലെ മീറ്റിംഗു കഴിഞ്ഞ് രാത്രി തിരിച്ച പോകുമ്പോൾ പുത്തൻകുരിശിനടുത്ത് മറ്റക്കുഴി എന്ന സ്ഥലത്തുവച്ചാണ് ഈ ക്രൂര കൃത്യം നടന്നതും തൽഫലമായി ഊരമന കരവട്ടെമംഗലത്ത് കുര്യാക്കോസിന്റെ മകൻ 25 വയസ്സുള്ള യോഹന്നാൻ എന്ന യുവാവ് (ഓനൻ) മരണപ്പെട്ടതും. അയാലുടെ ഇടവകപ്പള്ളിയായ കടമറ്റം ഓർത്തഡോക്സ് പള്ളി സെമിറ്ററിയിൽ മൃതശരീരം സംസ്ക്കരിച്ചു. പ. ബാവ തിരുമനസ്സിലെ നിർദ്ദേശപ്രകാരം മാർ ഒസ്താത്തിയോസ് മാർ പക്കോമിയോസ് എന്നീ തിരുമേനിമാർ പരേതന്റെ ഭവനം സന്ദർശിക്കുകയും അയാളുടെ കുടുംബസഹായനിധിയിലേക്ക് പ. ബാവാ തിരുമേനി നൽകിയ ആയിരം രൂപാ ഏല്പിക്കുകയും ചെയ്തു.


ഓനൻകുഞ്ഞ് കൊലപാതവും മറ്റ് ശക്തി പ്രകടനങ്ങളും കേരളത്തിൽ വലിയ കോളിളക്കം സൃഷ്ടിച്ചു. തുടർന്ന് അന്നത്തെ മുഖ്യമന്ത്രി സി. അച്ചുതമേനോൻ മലങ്കര സഭയിലെ ഇരുവിഭാഗങ്ങളും പ്രകടനം മതിയാക്കണം, ലക്ഷക്കണക്കിന് രൂപാ ചിലവഴിച്ച് ഇത്തരത്തിൽ പ്രകടനങ്ങൾ സംഘടിപ്പിക്കുന്നതിനോടുള്ള അദ്ദേത്തിന്റെ വിയോജിപ്പും ഓനൻകുഞ്ഞ് കൊലപാതകവും ചൂണ്ടിക്കാണിച്ച് പ്രസ്താവന പുറപ്പെടുവിക്കുകയും ചെയ്തു. മുഖ്യമന്ത്രിയുടെ പ്രസ്തുത പ്രസ്താവന മലങ്കര ഓർത്തഡോക്സ് സഭാ മാനേജിംഗ് കമ്മറ്റിയും ഡിഫൻസ് കമ്മിറ്റിയും സ്വാഗതം ചെയ്യുകയും, ഓർത്തഡോക്സ് സഭ മുഖ്യമന്ത്രിയുടെ അഭ്യർത്ഥനയാദരിക്കും എന്ന പേരിൽ പത്രക്കുറിപ്പ് പ്രസിദ്ധികരിക്കുകയും ചെയ്തു (മലങ്കരസഭ 1976 മാർച്ച്).

മലങ്കരസഭയുടെ ഇന്നയോളമുള്ള ചരിത്രത്തിൽ ഓനൻകുഞ്ഞിനും മുമ്പും പിമ്പുമായി അനേകർ ഈവിധം പാത്രിയർക്കീസ് വിഭാഗത്തിന്റെ മനഃപൂർവ്വമായ നരഹത്യയ്ക്ക് വിധേയമായിട്ടുണ്ട്. പൊനോടത്ത് മത്തായി കത്തനാർ, ചാലിൽ കോര, വർക്കി ആശാൻ (ആനപാപ്പി), തോട്ടപ്പാട്ട് കുര്യാക്കോസ്, മലങ്കര വർഗീസ് തുടങ്ങിയവർ വിഘടിതവിഭാഗത്താൽ സഹദാമരണം പ്രാപിച്ചവരാണ്. ഓനൻകുഞ്ഞിന്റെ രക്തസാക്ഷിമരണത്തിന്റെ 50-ാം വാർഷത്തിലേക്ക് പ്രവേശിക്കുമ്പോൾ ആനുകാലിക വാഴ്ച്ചകളും പുകഴ്ച്ചകളും ഇപ്രകാരമുള്ള അക്രമത്തിലേക്ക് വഴിതെളിക്കാതിരിക്കട്ടെ എന്ന് പ്രാർത്ഥിക്കാം. പ്രിയ ഓനൻകുഞ്ഞിന്റെ ആത്മാവിന് അബ്രാഹാമ്യഭവനങ്ങളിൽ നിത്യവിശ്രമം നേരുന്നു.

ഓർമ്മ



രണ്ടാം മാർത്തോമ്മായുടെ 329-ാം ഓർമ്മ (ഏപ്രിൽ 14, നിരണം വലിയ പള്ളി)



ഗീവർഗീസ് മാർ പീലക്സീനോസ് മെത്രാപ്പോലീത്തായുടെ 74 -ാം ഓർമ്മ (ഏപ്രിൽ 17, പുത്തൻകാവ് കത്തീഡ്രൽ)



യൂഹാനോൻ മാർ ഈവാനിയോസ് എപ്പിസ്ക്കോപ്പായുടെ 231 -ാം ഓർമ്മ (ഏപ്രിൽ 21, ചെങ്ങന്നൂർ പഴയ സുറിയാനി പള്ളി)



മൂന്നാം മാർത്തോമ്മായുടെ 337 -ാം ഓർമ്മ (ഏപ്രിൽ 22, കടമ്പനാട് കത്തീഡ്രൽ)



ഒന്നാം മാർത്തോമ്മായുടെ 355 -ാം ഓർമ്മ (ഏപ്രിൽ 25, അങ്കമാലി ചെറിയ പള്ളി)



മാർ ഗ്രിഗോറിയോസ് അബ്ദൽ ജലീൽ ബാവായുടെ 354-ാം ഓർമ്മ (ഏപ്രിൽ 27, വടക്കൻ പറവൂർ പള്ളി)



പ. ബസേലിയോസ് പൗലോസ് പ്രഥമൻ കാതോലിക്കാ ബാവായുടെ 112 -ാം ഓർമ്മ (മെയ് 3, പാമ്പാക്കുട ചെറിയ പള്ളി)



5-ാം മാർത്തോമ്മായുടെ 260 -ാം ഓർമ്മ (മെയ് 8, നിരണം വലിയ പള്ളിയിൽ)

Favours Received





